പദ്ധതി നടപ്പിലാക്കിയ ഏക സംസ്ഥാനവും കേരളമാണ്. ക്യാൻസർ ചികിത്സാ രംഗത്ത് അതീവ പ്രാധാന്യമാണ് സംസ്ഥാന സർക്കാർ നൽകുന്നതെന്ന് ഈ കാരണങ്ങൾകൊണ്ട് തന്നെ സൂചിപ്പിക്കപ്പെടുന്നതാണ്. മലബാർ മേഖലയുടെ പ്രത്യേകമായ കാര്യങ്ങൾ പരിശോധിച്ചിട്ടാണ് മലബാർ ക്യാൻസർ സെന്ററിനും അതുപോലെ കോഴിക്കോട് മെഡിക്കൽ കോളേജിനും 45 കോടി രൂപ അഡീഷണലായി അനുവദിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നത്.

7. പാരമ്പര്യ വൈദ്യന്മാരുടെ പ്രശ്നങ്ങൾ

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, മലബാറിലെ പാരമ്പര്യ വൈദ്യന്മാരുടെ ചില പ്രശ്നങ്ങളാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കേരളത്തിന്റെയും ഭാരതത്തിന്റെയും അമൂല്യമായ സമ്പത്താണ് പാരമ്പര്യ വൈദ്യചികിത്സാ രീതി. ഇന്നത്തെ ആധുനിക രീതിയിലുള്ള വൈദ്യപഠനവും ചികിത്സാ കേന്ദ്രങ്ങളും വരുന്നതിനുമുമ്പ് നമ്മുടെ നാട്ടിൽ പാരമ്പര്യ വൈദ്യന്മാരുടെ ചികിത്സ വളരെ ജനകീയവും പ്രസിദ്ധവും വ്യാപകവുമായിരുന്നു. ആ വിഭാഗത്തിൽപ്പെട്ട പ്രഗൽഭരായ വൈദ്യന്മാർ ഇന്നും നമ്മുടെ നാട്ടിലുണ്ട്. വർഷങ്ങൾക്കുമുമ്പ് അവരുടെ വൈദ്യരംഗത്തെ കഴിവുകളും മറ്റും പരിശോധിച്ച് അവർക്ക് ചികിത്സിക്കാനും ആസവാരിഷ്ടങ്ങളുണ്ടാക്കാനും ആവശ്യമായിട്ടുള്ള L3 ലൈസൻസുകൾ അനുവദിച്ചിരുന്നു. അഞ്ചാറ് വർഷക്കാലമായി L3 ലൈസൻസുകൾ പുതുക്കിക്കൊടുക്കാത്തതിന്റെ ഭാഗമായി പാരമ്പര്യ വൈദ്യന്മാർ ഏറെ വിഷമതകൾ അനുഭവിക്കുകയാണ്. ഏതാണ്ട് എഴുന്നൂറിൽപ്പരം L3 ലൈസൻസുകാർ മാത്രമെ ജീവിച്ചിരിക്കുന്നുള്ളൂ എന്നാണ് മനസ്സിലാക്കുന്നത്. അവരുടെ ജീവിതാവസാനം വരെയെങ്കിലും L3 ലൈസൻസിൽ പ്രവർത്തിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കേരളത്തിന്റെ ആയുർവ്വേദ-സിദ്ധ-മർമ്മ-ബാല ചികിത്സ ഉടങ്ങിയ ഏത് ചികിത്സയ്ക്കും ഭാരതീയ ചികിത്സാ രീതിയനുസരിച്ച് ചികിത്സകനാകുന്നതിന് ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ അനിവാര്യമാണ്. ഇത്തരത്തിൽ രജിസ്ട്രേഷൻ നേടിയിട്ടില്ലാത്ത ഒരാൾക്ക് സംസ്ഥാനത്ത് ആയുർവ്വേദ ചികിത്സാ രംഗത്ത് പ്രാക്ടീഷണർ ആകുന്നതിന് നിലവിലുള്ള നിയമങ്ങൾ അനുവദിക്കുന്നില്ല. അത് ശിക്ഷാർഹവുമാണ്. 1953-ലെ

LIBRARY ARCHIVES Kerala Legislative Assembly

Travancore-Cochin Medical Practitioners Act, Section 38 അനുശാസിക്കുന്ന അംഗീകൃത സ്ഥാപനങ്ങളിൽനിന്നും നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ള വർക്കുമാത്രമെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ ലഭിക്കുകയുള്ളൂ. മാത്രമല്ല, 1970-ലെ Indian Medicine Central Council Act - Section 17-ഉം ഇപ്രകാരം അനുശാസിക്കുന്നു. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ നിയമം അനുശാസിക്കുന്ന വിദ്യാഭ്യാസ യോഗ്യതകൾ നേടിയിട്ടില്ലാത്ത പാരമ്പര്യ വൈദ്യന്മാർക്ക് ആയുർവ്വേദ ചികിത്സാ പ്രാക്ടീഷണർ എന്ന നിലയിൽ മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്യുന്നതിന് ഏതെങ്കിലും തരത്തിൽ ഇളവുകൾ അനുവദിക്കുന്നതിനോ രജിസ്ട്രേഷനില്ലാതെ ചികിത്സ നടത്തുന്നതിന് അനുവദിക്കുന്നതിനോ നിലവിലുള്ള നിയമത്തിൽ കഴിയുകയില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി ചീഫ് ജസ്റ്റിസ് അടങ്ങുന്ന രണ്ടംഗ ബഞ്ചിന്റെ 2003 ജനുവരി 8-ാം തീയതിയിലെ വിധിയിലും 1953 നിയമത്തിലെ നിർദ്ദേശാനുസരണം അംഗീകൃത സ്ഥാപനങ്ങളിൽനിന്നും നിർദ്ദിഷ്ട യോഗ്യതയുള്ളവർക്കുമാത്രമെ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനും ആയുർവ്വേദ ചികിത്സാ രംഗത്ത് മെഡിക്കൽ പ്രാക്ടീഷണർ എന്ന നിലയിൽ പ്രവർത്തിക്കാനും അർഹതയുള്ളൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്. 4-6-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം മലബാർ മേഖലയിലെ പാരമ്പര്യ ആയുർവ്വേദ വൈദ്യൻമാർക്കും ഹോമിയോപ്പതി പ്രാക്ടീഷണർമാർക്കും തിരുവിതാംകൂർ - കൊച്ചി മേഖലയിലെ പാരമ്പര്യ സിദ്ധവൈദ്യന്മാർക്കും പ്രാക്ടീസ് നടത്തുന്നതിനും അവരെ രജിസ്ട്രേഷനിൽ നിന്നും ഒഴിവാക്കുന്നതിനും ഉത്തരവായിട്ടുണ്ട്. എന്നാൽ ഇപ്രകാരം ചെയ്യുന്നത് കേന്ദ്ര നിയമങ്ങൾക്ക് വിരുദ്ധമായതിനാൽ ഈ ഉത്തരവ് പിൻവലിക്കണമെന്ന് സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുകയും 4-6-2009-ലെ സർക്കാർ ഉത്തരവ് നടപ്പിലാക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിക്കുകയുമുണ്ടായി. പാരമ്പര്യ ആയുർവ്വേദ വൈദ്യൻമാർക്കും സ്വയം പഠനം നടത്തി ഹോമിയോ പ്രാക്ടീസ് ചെയ്യുന്നവർക്കും കേന്ദ്ര-സംസ്ഥാന നിയമങ്ങൾക്ക് വിധേയമായി പ്രാക്ടീസ് ചെയ്യുന്നതിനും ബി ക്ലാസ് രജിസ്ട്രേഷൻ നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ സ്വീകാര്യമായ ഒരു നിർദ്ദേശം മുന്നോട്ടുവയ്ക്കാൻ കമ്മിറ്റിക്ക് സാധിക്കാത്തതിനാൽ മലബാർ മേഖലയിൽപ്പെട്ട പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 1-1-2011 തീയതി കണക്കാക്കി 20 വർഷമായി പ്രാക്ടീസ് ചെയ്യുവരുന്ന പാരമ്പര്യ ആയുർവ്വേദ വൈദ്യൻമാരെയും അംഗീകൃത യോഗ്യതയില്ലാത്ത ഹോമിയോപ്പതി ചികിത്സകരെയും പ്രത്യേക വിഭാഗങ്ങളായി

LIBRARY ARCHIVES Kerala Legislative Assembly

പരിഗണിച്ചുകൊണ്ട് 1953-ലെ Travancore-Cochin Medical Practitioners Act -38-ാം വകുപ്പ് പ്രകാരം യഥാക്രമം പാരമ്പര്യ ആയുർവ്വേദ വൈദ്യവും ഹോമിയോപ്പതിയും പ്രാക്ടീസ് ചെയ്യുന്നതിന് രജിസ്ട്രേഷൻ എടുക്കണമെന്ന വ്യവസ്ഥ ഇളവ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇപ്രകാരം രജിസ്ട്രേഷൻ നൽകിയ സർക്കാർ ഉത്തരവ് 26-4-2011-ൽ ഹൈക്കോടതി സ്റ്റേ ചെയ്തുകയുണ്ടായി. കോടതിയിൽ സ്റ്റേ നിലനിൽക്കുന്നതിനാൽ എക്സംപ്ഷൻ നൽകുവാൻ കഴിയുകയില്ല. മേൽപ്പറഞ്ഞ വിഷയങ്ങളാണ് പ്രധാനമായും പാരമ്പര്യ വൈദ്യന്മാർ നേരിടുന്ന പ്രശ്നങ്ങളായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. കോടതിയുടെ മുന്നിൽ നിൽക്കുന്ന കാര്യമായതുകൊണ്ട് ഗവൺമെന്റിന് തൽക്കാലം ഇടപെടാൻ കഴിയില്ല. കോടതി വിധി വന്നതിനുശേഷം ഇതുമായി ബന്ധപ്പെട്ടുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

8. അകാരണമായി പോലീസ് കസ്റ്റഡിയിലെടുത്തതുമൂലം ജോലി നഷ്ടപ്പെട്ട സംഭവം

<u>ശ്രീ. ബി. സത്യൻ:</u> സർ, വളരെ ഗൗരവമുള്ള ഒരു വിഷയമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. പോലീസ് ഉദ്യോഗസ്ഥരുടെ തികഞ്ഞ അശ്രദ്ധയും അനാസ്ഥയും കൊണ്ട് സംഭവിച്ച വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണിത്. എന്റെ മണ്ഡലത്തിലെ കിളിമാനൂരിൽ ഗൾഫിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരികയും അമ്മയും ഭാര്യയും കുഞ്ഞും അടങ്ങിയ നിരപരാധിയായ യുവാവിന്റെ കുടുംബം ഇപ്പോൾ അനാഥമാണ്. കിളിമാനൂർ സ്വദേശിയായ ബിജു, എറണാകുളത്ത് പ്രവർത്തിക്കുന്ന സി. എസ്. സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന്റെ സെക്യൂരിറ്റി സൂപ്പർവൈസറായി ജോലി ചെയ്തുവരികയാണ്. പോലീസ് ആസ്ഥാനത്ത് ബോംബ് ഭീഷണിയുണ്ടെന്നുപറഞ്ഞ് അദ്ദേഹം സന്ദേശം അയച്ചു എന്ന കാരണമുന്നയിച്ച് 8-ാം തീയതി നാലു മണിയോടുകൂടി അദ്ദേഹം ജോലി ചെയ്യുന്ന സ്ഥലത്തും കിളിമാനൂരിലെ അദ്ദേഹത്തിന്റെ വസതിയിലും സി.ഐ.യുടെ നേതൃത്വത്തിൽ രണ്ട് വാഹനങ്ങളിലായി പോലീസ് എത്തുകയും അദ്ദേഹത്തെ അറസ്റ്റ് ചെയ്തുകയുമാണുണ്ടായത്. അദ്ദേഹത്തിന്റെ മൊബൈൽ ഫോൺ അപ്പോൾത്തന്നെ ഉദ്യോഗസ്ഥൻമാരെ ഏൽപ്പിച്ചു. അവിടെയുള്ള സി.സി.ടി.വി. ക്യാമറകൾ പരിശോധിച്ചാൽ അദ്ദേഹം ജോലിയിലായിരുന്നോയെന്നും ഫോൺ വിളിച്ചോ ഇല്ലയോ എന്നും വ്യക്തമായി അറിയാം. സൈബർ സെല്ലിന്റെയും ശാസ്ത്രീയമായ നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ അദ്ദേഹം വിളിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേരിൽ കേസ്സെടുക്കാനും അത് അന്വേഷിക്കാനും ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly